വാട്ടർ ടാക്സ് വർദ്ധന

24 (3964) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മോഹൻകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് വാട്ടർ ടാക്സ് എപ്പോഴെല്ലാം വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത വർദ്ധന എത്ര വീതമായിരുന്നു ;

(സി) ഈ ഗവൺമെന്റ് വാട്ടർ ടാക്സ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് 1-4-1999-ൽ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 1. ഗാർഹിക ഉപഭോക്താക്കൾക്ക് 15 % മുതൽ 60% വരെയും

2. ഗാർഹികേതര ഉപഭോക്താക്കൾക്ക് 60 %

3. വ്യാവസായിക ഉപഭോക്താക്കൾക്ക് 60 % -ഉം വർദ്ധനവ് 1-4-1999 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) നിലവിലുള്ള വെള്ളക്കരത്തിന്റെ 30% വർദ്ധനവ് 1-4-2000 മുതൽ നടപ്പിലാക്കുവാനുള്ള കേരളാ വാട്ടർ അതോറിറ്റിയുടെ തീരുമാനം സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

എൽ.ഐ.സി. ധനസഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതികൾ

25 (3965) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ. ഐ. സി. - യുടെ സാമ്പത്തിക സഹായത്തോടെ ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള എത്ര ശുദ്ധജലവിതരണ പദ്ധതികളാണ് പൂർത്തിയാകാതെ കിടക്കുന്നതെന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly